I ഇ.ബി. XV - കേരള നിയമസഭ/III-17

# പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 നവംബർ 3, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. അടിയന്തരപ്രമേയം

ലൈഫ് പദ്ധതി ഗുണഭോക്തൃ ലിസ്റ്റ്

മി. സ്പീക്കർ: ഭവനരഹിതരില്ലാത്ത കേരളം എന്ന ലക്ഷ്യത്തോടെ സർക്കാർ പ്രഖ്യാപിച്ച ലൈഫ് പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ലഭിച്ച അപേക്ഷകരിൽ നിന്നും ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ്

പ്രസിദ്ധീകരിക്കാത്തതുമൂലം സംസ്ഥാനത്തെ ഭവനരഹിതർക്ക് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. കെ. ബഷീർ, അൻവർ സാദത്ത്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): അർഹരായ മുഴുവൻ കുടുംബങ്ങൾക്കും വീട് നൽകുകയും ജീവിതാവശ്യങ്ങൾക്കുള്ള ഭൗതിക അടിത്തറ ഒരുക്കുകയുമാണ് നവകേരള നിർമ്മാണത്തിന്റെ ഭാഗമായ ലൈഫ് മിഷൻ പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നത്. ധനസ്രോതസ്സ് ഉറപ്പുവരുത്തി വരുന്ന അഞ്ചുവർഷം കൊണ്ട് പുതിയ ഗുണഭോക്താക്കൾക്ക് വീട് പൂർത്തീകരിക്കുന്നതിനുള്ള നടപടിക്രമങ്ങളാണ് സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. ഓരോ വർഷവും ഒരു ലക്ഷം വീതം ആളുകൾക്ക് വീട് നൽകുന്ന ബൃഹത്തായ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. 2021 ഫെബ്രുവരി വരെ ലഭിച്ച എല്ലാ അപേക്ഷകളുടെയും പട്ടിക തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപേക്ഷകളുടെ വിശദമായ പരിശോധനയിലൂടെ

മാത്രമേ ഫൈനലൈസ് ചെയ്യാൻ സാധിക്കുകയുള്ളൂ. അതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും പ്രവർത്തന കലണ്ടറും അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഫീൽഡുതല പരിശോധന ഈ മാസംതന്നെ പൂർത്തീകരിച്ച് ഡിസംബർ ഒന്നിന് കരട് പട്ടിക പ്രസിദ്ധീകരിക്കുകയും ഡിസംബർ 15 വരെ ഒന്നാംഘട്ട അപ്പീൽ സമർപ്പിക്കുന്നതിനും 30-നകം തീർപ്പാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. രണ്ടാംഘട്ട അപ്പീൽ സമർപ്പിക്കുന്നതിന് ജനുവരി 15 വരെ സമയം നീട്ടിനൽകുകയും 31-നകം തീർപ്പാക്കുകയും ചെയ്യും. തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ഗ്രാമസഭകളുടെയും പങ്കാളിത്തം ഉറപ്പുവരുത്തി ഫെബ്രുവരിയോടെ അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കാൻ സാധിക്കും.

<u>ശ്രീ. പി. കെ. ബഷീർ</u>: ത്രിതല പഞ്ചായത്തുകളും വകുപ്പുകളും നടത്തിയിരുന്ന ഭവന പദ്ധതികൾ ഏകോപിപ്പിച്ചാണ് ലൈഫ് ഭവന പദ്ധതിക്ക് രൂപം നൽകിയത്. 2021-ൽ ഭവനരഹിതരുണ്ടാകില്ലെന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. ലൈഫ് ഭവന പദ്ധതിപ്രകാരം ആകെ 2.45 ലക്ഷം ആളുകൾക്ക് വീട് നൽകിയെന്ന് പറയുന്നത് വസ്തുതാവിരുദ്ധമാണ്. 2020-ൽ ഓൺലൈനായി അപേക്ഷ ക്ഷണിച്ചെങ്കിലും പഞ്ചായത്ത് തെരഞ്ഞെടുപ്പ് പ്രഖ്യാപനം വന്നതോടെ

തുടർനടപടി സ്വീകരിക്കാൻ സാധിച്ചില്ല. ഗുണഭോക്തൃ ലിസ്റ്റ് വൈകുന്നതുമൂലം പണം ലാപ്സാകുന്ന സ്ഥിതിയാണുള്ളത്. പഞ്ചായത്ത് അപേക്ഷ ക്ഷണിച്ച് ഗ്രാമസഭ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന രീതിക്ക് മാറ്റം വരുത്തി അധികാരം സർക്കാരിൽ നിക്ഷിപ്തമാക്കിയത് പുനഃപരിശോധിക്കുന്നതിനും പദ്ധതി നടത്തിപ്പിന് അനുവദിക്കുന്ന പണം പഞ്ചായത്തുകൾക്ക് നൽകുന്നതിനും ലൈഫ് പദ്ധതിയിലെ അപാകതകൾ പരിഹരിച്ച് ത്രിതലപഞ്ചായത്തുകളുടെ അധികാരം തിരിച്ചുനൽകുന്നതിനും നടപടിയുണ്ടാകണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഓൺലൈൻ അപേക്ഷ 2020-ൽ ക്ഷണിച്ചെങ്കിലും തെരഞ്ഞെടുപ്പ് പ്രഖ്യാപനം വന്നതിനാൽ ആവശ്യമായ പരിശോധനകൾ നടത്താൻ സാധിച്ചില്ല. പഞ്ചായത്തുതലത്തിൽ പരിശോധനകൾ നടത്തുന്നതിന് വി.ഇ.ഒ.-മാരെയും ഉയർന്ന ഉദ്യോഗസ്ഥരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് 2,62,409 വീടുകൾ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക

വർഷം 13,600 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും 43,702 വീടുകളുടെ നിർമ്മാണം ഉടൻ പൂർത്തിയാക്കുന്നതുമാണ്. 1500 കോടി രൂപ ഹഡ്കോ വായ്പ ലഭ്യമാക്കുന്നതിനുള്ള സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. സ്പോൺസർഷിപ്പിലൂടെ ലഭിച്ച 4 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. അടിമാലിയിൽ 217 യൂണിറ്റുകളുള്ള ഭവന സമുച്ചയം ലൈഫ് മിഷൻ വാങ്ങി ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. വിവിധ ജില്ലകളിലായി 1713 യൂണിറ്റുകളുള്ള 36 ഫ്ലാറ്റുകളുടെ നിർമ്മാണം ലക്ഷ്യമിട്ടിട്ടുള്ളതിൽ 28 ഫ്ലാറ്റുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലും 8 എണ്ണത്തിന്റെ സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ചുവരികയുമാണ്. അഞ്ചുവർഷം കൊണ്ട് അഞ്ച് ലക്ഷം പേർക്ക് പാർപ്പിടം നൽകാനാണ് ലൈഫ് മിഷൻ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. ഗ്രാമസഭകൾ മുഖേന ലിസ്റ്റ് പ്രസിദ്ധീകരിച്ച് കുറ്റമറ്റ രീതിയിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, പി. ജെ. ജോസഫ്,

അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധക്ഷണിക്കൽ

(1) ഭൂമി തരംതിരിവ് അപേക്ഷകൾ തീർപ്പാക്കുന്നതിലെ കാലതാമസം

ശ്രീ. പി. മമ്മിക്കുട്ടി: നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിനൊപ്പം ഉത്തരവുകളിൽ കാലാനുസൃതമായ മാറ്റം വരുത്തി ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ എത്രയുംവേഗം തീർപ്പാക്കുകയും വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഇതിനായി സബ് കമ്മിറ്റി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുകയും വേണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): നെൽവയൽ തണ്ണീർത്തടങ്ങളുടെ അനധികൃത പരിവർത്തനം തടയാൻ ജില്ലാ കളക്ടറേറ്റുകളും താലൂക്കുകളും കേന്ദ്രീകരിച്ച് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. 2008-ന് മുമ്പ് നികത്തപ്പെട്ട ഭൂമിയുടെ തരംമാറ്റുന്നതിനായി റവന്യൂ ഡിവിഷണൽ ഓഫീസർക്കോ പ്രാദേശികതല നിരീക്ഷണ സമിതികൾക്കോ അപേക്ഷ നൽകാവുന്നതാണ്. 25 സെന്റ് വരെ സൗജന്യമായും ഒരേക്കർ

വരെ ന്യായവിലയുടെ 10 ശതമാനം ഈടാക്കിയും ഒരേക്കറിന് മുകളിൽ ന്യായവിലയുടെ 20 ശതമാനം ഈടാക്കിയും ഭൂമി തരംമാറ്റി നൽകുന്നുണ്ട്. അപേക്ഷകളുടെ ബാഹുല്യവും കോവിഡ് വ്യാപന നിയന്ത്രണങ്ങളും 25 സെന്റ് വരെയുള്ള ഭൂമി തരംമാറ്റുന്നത് സൗജന്യമാക്കിയുള്ള ചട്ട ഭേദഗതിയിലുണ്ടായ അവ്യക്തത നിമിത്തവും അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. അപേക്ഷകൾ സമയബന്ധിതമായി തീർപ്പുകല്പിക്കുന്നതിന് ഓരോ ആർ.ഡി.ഒ. ഓഫീസിനും ഏഴ് ജീവനക്കാരെ വരെ അധികമായി നിയമിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭൂമി തരംമാറ്റ അപേക്ഷകൾ ഓൺലൈനിലാക്കുകയും അപേക്ഷയുടെ അവസ്ഥ അപേക്ഷകനുതന്നെ പരിശോധിച്ചറിയാനുള്ള സൗകര്യമൊരുക്കുകയും ചെയ്തിട്ടുണ്ട്. റവന്യൂ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ആഴ്ചതോറും യോഗം ചേർന്ന് അപേക്ഷകളുടെ തീർപ്പാക്കൽ പരിശോധിക്കുകയും ലാൻഡ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെയും യോഗം ചേർന്ന് പ്രവർത്തനം വിലയിരുത്തുകയും ചെയ്തുവരുന്നുണ്ട്.

## (2) നിർമ്മാണസാമഗ്രികളുടെ വിലക്കയറ്റം

ശ്രീ. സണ്ണി ജോസഫ്: ഇന്ധന വിലവർദ്ധനയും കൽക്കരി മേഖലയിലെ പ്രതിസന്ധിയുംമൂലം നിർമ്മാണസാമഗ്രികൾക്കുണ്ടായ വിലവർദ്ധന ഈ മേഖലയെ പ്രതിസന്ധിയിലാക്കിയതിനാൽ നിർമ്മാണസാമഗ്രികൾ ന്യായവിലയ്ക്ക് ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുന്നതോടൊപ്പം ചെങ്കൽ മേഖലയിലെ പ്രതിസന്ധിയും പരിഹരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റവും പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധനയും കൽക്കരി ക്ഷാമവും നിർമ്മാണവസ്തുക്കളുടെ വിലവർദ്ധനയ്ക്ക് ആക്കം കൂട്ടി. സ്റ്റീൽ, സിമന്റ് ഉല്പാദകരുടെയും വിപണനക്കാരുടെയും യോഗം വിളിച്ച് വിലയിൽ ഗണ്യമായ കുറവ് വരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കോവിഡ് അനുബന്ധ ലോക്ഡൗണിന്റെ ആദ്യഘട്ടത്തിൽത്തന്നെ ഖനനമേഖലയിലെ നിയന്ത്രണങ്ങൾക്ക് സർക്കാർ ഇളവ് നൽകുകയും ഖനനാനുമതിയുടെ കാലാവധി ഒരു വർഷംകൂടി ദീർഘിപ്പിക്കുകയും ചെയ്തിരുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ വഴി കൂടുതൽ സിമന്റ് ഉല്പാദിപ്പിക്കുന്നതിനും പുതിയ സംരംഭങ്ങളിൽ

സിമന്റുല്പാദനത്തിന് പ്രത്യേക പരിഗണന നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നേതൃത്വത്തിൽ എം.എസ്.എം.ഇ. ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ കീഴിൽ റോ മെറ്റീരിയൽ ബാങ്കുകളാരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ചെങ്കൽ ഖനനത്തിന് പാരിസ്ഥിതികാനുമതി ആവശ്യമായതിനാൽ വീട്ടാവശ്യത്തിനുള്ള ചെങ്കല്ലിന് പ്രത്യേക പരിഗണന കൊടുക്കണമെന്ന് മൈനിംഗ് ഡിപ്പാർട്ട്മെന്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## III. സബ്മിഷൻ

### (1) <u>പട്ടാമ്പിയിലെ റോഡുകളുടെ പുനർനിർമ്മാണം</u>

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: പട്ടാമ്പി മണ്ഡലത്തിലെ ശോചനീയാവസ്ഥയിലുള്ള റോഡുകൾ പുനർനിർമ്മിക്കുന്നതിനും കിഫ്ബി ഫണ്ടുപയോഗിച്ചുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): പട്ടാമ്പിയിലെ കുരാച്ചിപ്പടി-നടുവട്ടം റോഡിൽ വാട്ടർ അതോറിറ്റി റെസ്റ്റൊറേഷൻ ചാർജ്ജ് അടച്ച് എഗ്രിമെന്റ് വയ്ക്കുന്ന മുറയ്ക്ക് യൂട്ടിലിറ്റി ഷിഫ്റ്റിംഗ് സാധ്യമാകുന്നതാണ്. കിഫ്ബി ഫണ്ടുപയോഗിച്ചുള്ള നിള

ഹോസ്പിറ്റൽ-ഷൊർണ്ണൂർ റോഡിന്റെ ഡി.പി.ആർ. സമയബന്ധിതമായി പുതുക്കി നൽകുന്നതാണ്. ഈ റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുവാൻ അറ്റകുറ്റപ്പണിക്ക് തുക വകയിരുത്തണമെന്ന് കിഫ്ബിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പട്ടാമ്പി-ആമയൂർ റോഡ് പ്രവൃത്തിയുടെ അഡീഷണൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് കിഫ്ബിക്ക് കൈമാറാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(2) ആശാവർക്കർമാരുടെ ശമ്പളപരിഷ്കരണം

ശ്രീ. പി. പി. ചിത്തരഞ്ജൻ: ആശാവർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിച്ച് കൃത്യസമയത്ത് ലഭ്യമാക്കാനും ടെലഫോൺ ചാർജ്ജും യാത്രാബത്തയും ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): ആശാവർക്കർമാർക്ക് മാനദണ്ഡങ്ങൾ നോക്കാതെ ഓണറേറിയവും ഇൻസെന്റീവും നൽകിവരുന്നുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് മാസംതോറും 1000 രൂപ കോവിഡ് ഇൻസെന്റീവും യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിന്റെ ആശാ കിരണം ആശാ ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ട്. PMJJBY, PMSBY, PMSYM തുടങ്ങിയ കേന്ദ്ര പദ്ധതികളിൽ

ആശാവർക്കർമാരെ അംഗങ്ങളാക്കുന്നതിനുള്ള എൻറോൾമെന്റ് നടപടികൾ സ്വീകരിച്ചുവരുന്നു. ആശാ പ്രവർത്തകർക്ക് കേന്ദ്രസർക്കാരിന്റെ ഇൻസെന്റീവ് വർദ്ധിപ്പിച്ച് നൽകുന്നതിനായി കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(3) അരുവിക്കര ഡാമിലെ എക്കലും മണലും നീക്കം ചെയ്യൽ

ശ്രീ. ജി. സ്റ്റീഫൻ: അരുവിക്കര ഡാമിലെ എക്കലും മണലും നീക്കം ചെയ്യുന്നതോടൊപ്പം സംരക്ഷണവേലികൾ പുനരുദ്ധരിക്കാനും നിരീക്ഷണ ക്യാമറകൾ പ്രവർത്തനസജ്ജമാക്കാനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): തലസ്ഥാന നഗരിയിൽ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിന് ഡീഫിൽട്രേഷന് ഭരണാനുമതി നൽകുകയും പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് പുതിയ ടെണ്ടർ വിളിക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അരുവിക്കര ഡാം റിസർവോയറിന് ചുറ്റുമുള്ള ഒരു കിലോമീറ്റർ നീളത്തിൽ സംരക്ഷണവേലി നിർമ്മിക്കുകയും മാലിന്യം നിക്ഷേപിക്കുന്നത് ശിക്ഷാർഹമാണെന്ന ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഡാമിന്റെ ഇരുകരകളിലും വേലി കെട്ടുന്ന പ്രവൃത്തി നടന്നുവരികയാണ്. ഡാമിന് ചുറ്റുമുള്ള സ്ഥലത്തെ  ഹൈമാസ്റ്റ് ലൈറ്റുകളിൽ

നിരീക്ഷണ ക്യാമറകൾ ഘടിപ്പിക്കുകയും അവ പ്രവർത്തനസജ്ജമാക്കുകയും ചെയ്യുന്നതാണ്.

(4) കരാർ തൊഴിലാളികളുടെ തൊഴിൽ സുരക്ഷ

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: കേരള വാട്ടർ അതോറിറ്റി കരാർ തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കുന്നതിനും തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): വാട്ടർ അതോറിറ്റിയിൽ നിലവിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാരെ പിരിച്ചുവിടാൻ ഉദ്ദേശിക്കുന്നില്ല. പമ്പ് ഓപ്പറേറ്റർ തസ്തിക സൃഷ്ടിക്കുന്നതിലൂടെ സാമ്പത്തിക ബാധ്യതയുണ്ടാകുമെന്നതിനാൽ ടി തസ്തികയിലേയ്ക്ക് സ്ഥിരനിയമനം നടത്താൻ നിർവ്വാഹമില്ല. ആധുനികവത്കരണത്തിന്റെ ഭാഗമായി മീറ്റർ റീഡിംഗ് സമ്പ്രദായം പരിഷ്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കരാർ ജീവനക്കാർ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(5) പാറശ്ശാലയിൽ സിവിൽ സപ്ലൈസ് ഗോഡൗൺ

ശ്രീ. സി. കെ. ഹരീന്ദ്രൻ: പാറശ്ശാലയിൽ സിവിൽ സപ്ലൈസ് ഗോഡൗൺ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): നെയ്യാറ്റിൻകര താലൂക്കിൽ പി.എം.ജി.കെ.വൈ. പദ്ധതിപ്രകാരം വിതരണം ചെയ്യേണ്ട ഭക്ഷ്യധാന്യങ്ങൾകൂടി അമരവിള ഗോഡൗണിലെ വാഹനസൗകര്യം പ്രയോജനപ്പെടുത്തി വിതരണം ചെയ്യുതുകൊണ്ടാണ് പാറശ്ശാല നിയോജകമണ്ഡലത്തിലെ ചില പ്രദേശങ്ങളിൽ റേഷൻ വിതരണത്തിന് കാലതാമസമുണ്ടായത്. വാതിൽപ്പടി വിതരണം സുതാര്യവും ഏകീകൃതവുമാക്കുന്നതിന് പൊതുവിതരണ വകുപ്പിന്റെ ഉടമസ്ഥതയിൽ എൻ.എഫ്.എസ്.എ. ഗോഡൗണുകൾ നിർമ്മിക്കുന്നതിനായി റേഷൻ താലൂക്കുകളിൽ 50 സെന്റ് സ്ഥലം കണ്ടെത്താൻ താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പാറശ്ശാല നിയോജകമണ്ഡലത്തിലുൾപ്പെടുന്ന റേഷൻകടകളിലേയ്ക്ക് കൂടുതൽ വാഹന സൗകര്യം ഏർപ്പെടുത്തി സമയബന്ധിതമായി സാധനങ്ങൾ എത്തിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(6) പട്ടികവിഭാഗ പാരമ്പര്യ ചികിത്സകർ

ശ്രീ. ഒ. ആർ. കേളു: പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പാരമ്പര്യ-വംശീയ-നാട്ടുവൈദ്യ ചികിത്സകരുടെ അറിവും പരിചയവും പ്രയോജനപ്രദമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): കേരളത്തിലെ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പാരമ്പര്യ നാട്ടുവൈദ്യ ചികിത്സ പരിപോഷിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വകുപ്പ് നിരവധി പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. വയനാട്, തിരുവനന്തപുരം ജില്ലകളിൽ പട്ടികവർഗ്ഗ യുവാക്കൾക്ക് വൈദ്യ ചികിത്സയിൽ പരിശീലനം നൽകിവരുന്നു. വയനാട് ജില്ലയിൽ എത്തനോ മെഡിക്കൽ റിസർച്ച് സെന്റർ ആരംഭിക്കുകയും അടിയർ, പണിയർ എന്നീ വിഭാഗങ്ങളിലെ പുതുതലമുറയ്ക്ക് ഗോത്ര ചികിത്സാ രീതികളിൽ പരിശീലനം നൽകുകയും സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തെരഞ്ഞെടുത്ത വൈദ്യന്മാർക്ക് കിർത്താഡ്സ് 10000 രൂപ ഗ്രാന്റ് അനുവദിക്കുകയും ഔഷധച്ചെടികൾ നട്ടുപിടിപ്പിക്കുന്നതിന് കേന്ദ്ര പദ്ധതിയിലുൾപ്പെടുത്തി 50000 രൂപ ധനസഹായം നൽകുകയും ചെയ്യുന്നു. വംശീയ വൈദ്യന്മാരുടെ 5 ദിവസത്തെ സംസ്ഥാനതല ശില്പശാലയിൽ ചികിത്സാക്യാമ്പ് ഉൾപ്പെടുത്തിയിട്ടുണ്ട്.

## (7) അദ്ധ്യാപക തസ്തികകൾ

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: കണ്ണൂർ ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിലെ നാല് അദ്ധ്യാപക തസ്തികകൾ മറ്റ് സ്ഥാപനങ്ങളിലേയ്ക്ക്

മാറ്റുന്നതിനുള്ള തീരുമാനം സ്ഥാപനത്തിന്റെ AICTE അംഗീകാരം നഷ്ടപ്പെടാൻ ഇടവരുത്തുമെന്നതിനാൽ ഇക്കാര്യം പുനഃപരിശോധിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:25 ആയി AICTE പുനർ നിർണ്ണയിച്ച സാഹചര്യത്തിലാണ് കണ്ണൂർ പോളിടെക്നിക്കിൽ അധികമായി വന്ന നാല് അദ്ധ്യാപക തസ്തികകൾ വിവിധ പോളിടെക്നിക് കോളേജുകളിലേയ്ക്കായി പുനർവിന്യസിച്ചത്. ടി പോളിടെക്നിക്കിന് AICTE അക്രെഡിറ്റേഷൻ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകില്ല. കണ്ണൂർ പോളിടെക്നിക്കിലെ അദ്ധ്യാപക തസ്തികകളുടെ കുറവ് സ്ഥാപനത്തെ ബാധിക്കുമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സാങ്കേതിക വിദ്യാഭ്യാസ തലത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും അദ്ധ്യാപക തസ്തികകളുടെ പുനഃക്രമീകരണം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പോളിടെക്നിക് കോളേജുകളിലെയും അദ്ധ്യാപക തസ്തികകൾ പുനഃക്രമീകരിക്കുകയും കണ്ണൂർ പോളിടെക്നിക്കിന് ആവശ്യമായ അദ്ധ്യാപകരെ അനുവദിക്കുകയും ചെയ്യും.

## (8) കോടിമത, വെള്ളൂരുത്തി പാലങ്ങളുടെയും ബോർമ്മ കവല റോഡിന്റെയും നിർമ്മാണം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കോടിമത പാലം ഗതാഗതത്തിന് തുറന്നുകൊടുക്കുന്നതിനും വെള്ളൂരുത്തി പാലം, ബോർമ്മ കവല റോഡ്, കോട്ടയം ജില്ലാ ആശുപത്രിയുടെ പുതിയ ബ്ലോക്ക് എന്നിവയുടെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കോടിമത സമാന്തര പാലത്തിന്റെ 2 സ്പാനുകളും കോട്ടയം അപ്രോച്ച് റോഡിന്റെ ഭാഗത്തെ സംരക്ഷണഭിത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. മൂന്നാമത്തെ സ്പാനും അതിനോട് ചേർന്ന അപ്രോച്ച് റോഡും നിർമ്മിക്കുന്ന സ്ഥലത്ത് സോയിൽ സ്റ്റെബിലൈസേഷൻ ആവശ്യമായതിനാൽ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ടെക്നിക്കൽ ഗൈഡൻസ് ആവശ്യപ്പെട്ടതനുസരിച്ച് ലാൻഡ് സ്പാൻ നിർമ്മിക്കുന്നതിലേയ്ക്കായി ബാലൻസ് എസ്റ്റിമേറ്റ് തയ്യാറാക്കി വകുപ്പിന് സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ബോർമ്മക്കവല-തൃക്കോതമംഗലം ഹൈസ്കൂൾ ജംഗ്ഷൻ റോഡ് പ്രവൃത്തി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുവാൻ തത്വത്തിൽ ഭരണാനുമതി നൽകുകയും ഡി.പി.ആർ. തയ്യാറാക്കുന്നതിനായി

പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തോട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

കോട്ടയം ജനറലാശുപത്രിയുടെ സമഗ്രവികസനം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ചെയ്യുന്നതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(9) നാട്ടുകാണി-പരപ്പനങ്ങാടി പാത നവീകരണം

ശ്രീ. കെ. പി. എ. മജീദ്: നാട്ടുകാണി-പരപ്പനങ്ങാടി റോഡ് പണി പൂർത്തീകരിക്കുകയും അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യണം.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): നാട്ടുകാണി-പരപ്പനങ്ങാടി റോഡ് നിർമ്മാണ പദ്ധതിയിൽ ഡിഫക്ട് ലയബിലിറ്റി പീരീഡിലുള്ള റോഡുകളിലടക്കം പ്രവൃത്തി നിശ്ചയിച്ചെങ്കിലും നിർമ്മാണപ്രവൃത്തിയിൽ പ്രതിസന്ധി നേരിടുകയും മണ്ണിടിച്ചിൽ കാരണം റോഡ് തകർന്നതിനാൽ നേരത്തെയുള്ള പണിയിൽ ചില മാറ്റങ്ങൾ ആവശ്യമായി വരികയും ചെയ്തു. പ്രവൃത്തി പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഉന്നതതല സമിതി യോഗവും ബന്ധപ്പെട്ട എം.എൽ.എ.-മാരുടെ യോഗവും വിളിച്ചു ചേർക്കുന്നതാണ്.

ഡി.എൽ.പി.-യിലുള്ള കേടുപാടുകൾ കരാറുകാരൻ പരിഹരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുകയും ഡി.എൽ.പി. കാലാവധി സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നതാണ്.

(10) ഇടയാർ പാലം പുനർനിർമ്മാണം

ശ്രീ. അനൂപ് ജേക്കബ്: ഇടയാർ പാലത്തിന്റെ പുനർനിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനും കൂത്താട്ടുകുളം ഭാഗത്ത് എം.സി. റോഡിലുണ്ടാകുന്ന വെള്ളക്കെട്ട് പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പിറവം നിയോജകമണ്ഡലത്തിലെ ഇടയാർ രാമഞ്ചിറ പാലത്തിന്റെ പുനർനിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും പാലത്തിന് സമീപത്തുള്ള ചെക്ക്ഡാമിന് മുകളിലൂടെ കാൽനടയാത്രാ സൗകര്യമൊരുക്കുകയും ചെയ്തിരുന്നു. തുടർച്ചയായ മഴമൂലം നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള കാലയളവ് ദീർഘിപ്പിച്ച് നൽകുകയും കാലാവസ്ഥ അനുകൂലമാകുന്ന മുറയ്ക്ക് നിർമ്മാണം പുനരാരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കരാറുകാരന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂത്താട്ടുകുളം മുനിസിപ്പാലിറ്റിയിലെ എം.സി.

റോഡിലെ വെള്ളക്കെട്ട് പരിശോധിക്കുന്നതിന് പൊതുമരാമത്ത് (റോഡ് വിഭാഗം) വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## IV. മേശപ്പുറത്തുവച്ച കടലാസ്സുകൾ

ചട്ടം 47(2), 236(5), 236(6) എന്നിവ പ്രകാരമുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## V. റിപ്പോർട്ട് സമർപ്പണം

2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ, 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളും പ്രവാസി മലയാളിയുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത്തെയും രണ്ടാമത്തെയും റിപ്പോർട്ടുകളും സമർപ്പിച്ചു.

## VI. നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും:

(i) 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ

(ii) 2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ

(iii) 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ

(iv) 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബില്ലും 2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബില്ലും 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബില്ലും 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): വിപണനകേന്ദ്രങ്ങൾ, മത്സ്യത്തിനുള്ള ന്യായവില, മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തൽ, മത്സ്യസമ്പത്തിന്റെ വർദ്ധന എന്നിവ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളാണ് കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് ഉൾനാടൻ മത്സ്യമേഖല കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുന്നതാണ്. മത്സ്യക്കുഞ്ഞുങ്ങളുടെ വൻതോതിലുള്ള ഉൽപ്പാദനത്തിന് പുതിയ ഹാച്ചറികൾ ആരംഭിക്കുകയും കയറ്റുമതി സാധ്യതയിലേയ്ക്ക് കേന്ദ്രീകരിക്കുകയും ചെയ്യും. അഞ്ചുലക്ഷം പേർക്ക് തൊഴിൽ നൽകാൻ കഴിയുന്ന വ്യവസായ മേഖലയായി ഉൾനാടൻ മത്സ്യമേഖല രൂപാന്തരപ്പെടുത്തുന്നതിനും സുസ്ഥിര വികസനം സാധ്യമാക്കുന്നതിനും ബിൽ ഭേദഗതിയിലൂടെ കഴിയും. ഫിഷറീസ് സർവ്വകലാശാലയുടെ കീഴിൽ അനുബന്ധ സ്ഥാപനങ്ങൾ ആരംഭിക്കുന്നതാണ്. സമുദ്രപഠന മേഖലയിൽ വിദ്യാർത്ഥികൾക്ക് പ്രാവീണ്യം നേടുന്നതിനും തൊഴിലവസരം ഉറപ്പാക്കുന്നതിനുമായി

ഫിഷറീസ് സർവ്വകലാശാലയുടെ വളർച്ച ലക്ഷ്യമിടുന്ന ഭേദഗതി നിർദ്ദേശങ്ങളാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. മത്സ്യബന്ധനത്തിന് പോകുന്നവരുൾപ്പെടെയുള്ളവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതാണ്.

ശ്രീ. അനൂപ് ജേക്കബ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ കേന്ദ്രനിയമത്തിന് വിരുദ്ധമാണ്. കാലാവസ്ഥാ വ്യതിയാനം, പ്രകൃതിദുരന്തങ്ങൾ എന്നിവ ഉണ്ടാകുമ്പോൾ മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തെ ബാധിക്കുന്നതുൾപ്പെടെയുള്ള നിരവധി പ്രതിസന്ധികൾ മത്സ്യമേഖല നേരിടുന്നുണ്ട്. മത്സ്യത്തൊഴിലാളികളുടെ അവകാശത്തിന്മേലുള്ള കടന്നുകയറ്റമായി ബിൽ മാറരുത്. മത്സ്യ കയറ്റുമതിക്ക് നിലവിൽ ലൈസൻസുള്ളതിനാൽ അതുസംബന്ധിച്ച് ബില്ലിൽ ഭേദഗതി വരുത്തേണ്ടതില്ല. മത്സ്യത്തിന്റെ അടിസ്ഥാനവില നിയന്ത്രിക്കുന്നതിന് ബില്ലിൽ വരുത്തുന്ന ഭേദഗതി ദോഷകരമാണ്. ഫിഷ് ലാൻഡിംഗ് സെന്ററുകൾ സർക്കാരിന്റെ നിയന്ത്രണത്തിലാക്കണം. മത്സ്യത്തൊഴിലാളികളെ ചൂഷണത്തിൽനിന്ന് സംരക്ഷിക്കുന്നതിനുള്ള നടപടികളെ സ്വാഗതം ചെയ്യുന്നതോടൊപ്പം ഫിഷറീസ് സർവ്വകലാശാലയിലെ അദ്ധ്യാപക/വിദ്യാർത്ഥി പ്രാതിനിധ്യം പരിശോധിച്ച്

നിയമനങ്ങൾ സുതാര്യമാക്കാനും നടപടി സ്വീകരിക്കണം. പുനർഗേഹം പദ്ധതിയിലെ അപാകത പരിഹരിക്കാനും മത്സ്യത്തീറ്റ വില നിയന്ത്രിക്കാനും മത്സ്യ കർഷകർക്ക് സബ്സിഡി ഇനത്തിൽ വൈദ്യുതി ലഭ്യമാക്കാനും ഇവരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്താനും സാഹചര്യമുണ്ടാക്കണം.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സീ ആംബുലൻസ്, ഹെലികോപ്റ്റർ എന്നിവ പ്രാവർത്തികമാക്കി മത്സ്യബന്ധനത്തിന് സുരക്ഷ ഉറപ്പാക്കണം. തീരദേശ മേഖലാ നിയന്ത്രണ ചട്ടം വ്യക്തതയോടെ നടപ്പാക്കണം. വേണ്ടത്ര പരിശോധനകളില്ലാതെ ഫിഷറീസ് നയം 2020, ബ്ലൂ ഇക്കണോമി എന്നിവ തയ്യാറാക്കിയത് പ്രതിഷേധാർഹമാണ്. തീരദേശവാസികളുടെ സുരക്ഷയ്ക്കും സുസ്ഥിര പുരോഗതിക്കും കോട്ടം തട്ടാതെയും തീരദേശ ആവാസ വ്യവസ്ഥ തകരാതെയുമുള്ള വികസന പ്രവർത്തനങ്ങൾ നടപ്പാക്കുകയും തീരദേശ സംരക്ഷണ വിജ്ഞാപനങ്ങളിൽ പ്രദേശവാസികളുടെ ആവശ്യങ്ങൾ മാനിച്ചുകൊണ്ടുള്ള മാറ്റങ്ങളുണ്ടാകുകയും വേണം. അനുമതി ആവശ്യമില്ലാത്ത നിർമ്മാണങ്ങൾ തടഞ്ഞുവയ്ക്കുന്ന പ്രവണത അവസാനിപ്പിക്കണം. മത്സ്യഫെഡിൽ രജിസ്റ്റർ ചെയ്ത സംഘങ്ങളിൽനിന്നും മത്സ്യം സംഭരിക്കുന്നതിനും വേലിയേറ്റ നിരപ്പിൽനിന്നും 50 മീറ്റർ ദൂരത്തിനുള്ളിൽ

താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ മാറ്റിപാർപ്പിക്കുന്നതിനും നടപടിയുണ്ടാകണം. മുഴുവൻ മത്സ്യത്തൊഴിലാളികളെയും അപകട ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തണം. മണ്ണെണ്ണ സബ്സിഡി വർദ്ധിപ്പിക്കുന്നതിനും വേണ്ടത്ര മണ്ണെണ്ണ ലഭ്യമാക്കുന്നതിനും ഡീസലിന് സബ്സിഡി നൽകുന്നതിനും മത്സ്യത്തൊഴിലാളി വിഭാഗത്തിന് സംവരണം ഏർപ്പെടുത്തുന്നതിനും ഫിഷറീസ് സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനും നടപടി സ്വീകരിക്കണം. കാലാവസ്ഥാ വ്യതിയാനംമൂലം മത്സ്യബന്ധനം സാധിക്കാത്ത സാഹചര്യത്തിൽ പ്രത്യേക സഹായം നൽകണം. തിരൂരിൽ മിനി ഹാർബറും ഫിഷറീസ് സർവ്വകലാശാലയുടെ സെന്ററും ആരംഭിക്കുന്നതിന് നടപടിയുണ്ടാകണം.

<u>ശ്രീ. എം. വിൻസെന്റ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. നാവിക് സംവിധാനം പ്രവർത്തനരഹിതമായതും വി.എച്ച്.എഫ്. (Very High Frequency) റേഡിയോ വിതരണം ചെയ്യാത്തതും സാറ്റലൈറ്റ് ഫോൺ പ്രവർത്തിക്കാത്തതും അപകട ഇൻഷ്വറൻസ് ക്ലെയിം യഥാസമയം ലഭ്യമാകാത്തതും സുരക്ഷാബോട്ട് സംവിധാനം ഏർപ്പെടുത്താത്തതും പരാജയമാണ്. മത്സ്യഗ്രാമങ്ങളിൽ സെറ്റിൽഡ് സമ്പ്രദായത്തിലൂടെയാണ് മത്സ്യബന്ധനവും ലേലവും വിപണനവും നടക്കുന്നത്. ഈ നിയമത്തിലൂടെ

മത്സ്യത്തിന് വില നിശ്ചയിക്കുന്നതിനുള്ള അവകാശം മറ്റുള്ളവർക്ക് നൽകുകയാണ്. ലേലത്തുകയുടെ 5% സർക്കാരിന് വസൂലാക്കാമെന്ന വ്യവസ്ഥയും മത്സ്യത്തൊഴിലാളികൾ കൊണ്ടുവരുന്ന മത്സ്യത്തിന്റെ ഉറവിടം, പിടിച്ചെടുത്ത മാർഗ്ഗം എന്നിവ അടങ്ങുന്ന സാക്ഷ്യപത്രം ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസറിൽനിന്ന് നേടണമെന്ന വ്യവസ്ഥയും അപ്രായോഗികമാണ്. മത്സ്യത്തിന്റെ ഗുണനിലവാരം നിർണ്ണയിക്കാൻ വ്യവസ്ഥ ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് അതിനുള്ള യോഗ്യതയുണ്ടോയെന്ന് പരിശോധിക്കുകയും മത്സ്യബന്ധനവുമായി ബന്ധപ്പെട്ട മാനേജ്മെന്റ് കമ്മിറ്റികളിൽ നിഷ്പക്ഷരായ ആളുകളെ ഉൾപ്പെടുത്തുകയും വേണം. ഐസ് പ്ലാന്റ്, ചിൽഡ് സ്റ്റോറേജ് തുടങ്ങിയ സംസ്കരണ കേന്ദ്രങ്ങളിൽ ഉദ്യോഗസ്ഥർക്ക് യഥേഷ്ടം തീരുമാനമെടുക്കാനുള്ള അവസരം നൽകിയത് അഴിമതിക്കും കെടുകാര്യസ്ഥതയ്ക്കും ഇടവരുത്തും.

ശ്രീ. ടി. ഐ. മധുസൂദനൻ ചുമതലപ്പെടുത്തിയതനുസരിച്ച് (ശ്രീ. എം. നൗഷാദ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മത്സ്യത്തിന്റെ വില നിശ്ചയിക്കാനുള്ള അവസരം

മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതുൾപ്പെടെ അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് ബിൽ അവതരിപ്പിച്ചിരിക്കുന്നത്. 5 ശതമാനം ലേലത്തുക ഈടാക്കി മത്സ്യത്തിന് കൃത്യമായ വില നിശ്ചയിച്ച് വിലസ്ഥിരത ഉറപ്പുവരുത്തുന്നതിനും സർക്കാർ ഈടാക്കുന്ന ലേലത്തുകയുടെ 40 ശതമാനം തിരികെ നൽകുന്നതിലൂടെ സമ്പാദ്യശീലം വളർത്തുന്നതിനും സാധിക്കും. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ എൻട്രൻസ് പരിശീലനത്തിലൂടെ ഉന്നത വിദ്യാഭ്യാസം നൽകിയതും അപകട ഇൻഷ്വറൻസ് തുക വർദ്ധിപ്പിച്ചതും പ്രീമിയം പൂർണ്ണമായും സർക്കാർ ഏറ്റെടുത്തതും സ്വാഗതാർഹമാണ്. പുനർഗേഹം പദ്ധതിയിൽ വീട് വയ്ക്കുന്നതിന് മൂന്ന് സെന്റിൽ കൂടുതൽ സ്ഥലം വാങ്ങുന്നത് ഒറ്റപ്രമാണമായി എഴുതാൻ പാടില്ലെന്ന വ്യവസ്ഥയിലും വീടിന്റെ വിസ്തീർണ്ണം 400 sq.ft. ആക്കിയും മാറ്റം വരുത്തണം. മത്സ്യത്തൊഴിലാളി മേഖലയിലെ ഫിഷറീസ് സ്കൂളുകളും സർക്കാർ എയ്ഡഡ് സ്കൂളുകളും മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര

പരിപാലനവും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മത്സ്യ വിപണനത്തിൽ നിയമാനുസൃത ഇടനിലക്കാരനെ കൊണ്ടുവരുന്നതും മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം നിശ്ചിത സ്ഥലത്തുമാത്രമേ വിപണനം നടത്താവൂ എന്ന വ്യവസ്ഥയും അവരുടെ സ്വാതന്ത്ര്യത്തിലേയ്ക്കുള്ള കടന്നുകയറ്റമാണ്. അഞ്ച് ശതമാനം കമ്മീഷൻ എന്ന വ്യവസ്ഥ വില നിശ്ചയിക്കുന്നതിനുള്ള അവകാശം ഇടനിലക്കാരുടെ കയ്യിലാവുകയാണ്. അപ്പീൽ നൽകുന്നതിന് പിഴത്തുക മുഴുവനും കെട്ടിവയ്ക്കണമെന്നും ഗുണനിലവാര പരിപാലന ഉത്തരവാദിത്വം മത്സ്യത്തൊഴിലാളികളുടെ ചുമതലയാക്കുകയും ചെയ്യുന്ന നിബന്ധനകൾ പുനഃപരിശോധിക്കണം. അംഗീകൃത ലാൻഡിംഗ് സെന്ററുകളിലല്ലാതെ മത്സ്യബന്ധന യാനങ്ങൾ കരയ്ക്കടുപ്പിച്ചാലും സർക്കാർ നിശ്ചയിക്കുന്ന സ്ഥലങ്ങളിലല്ലാതെ മത്സ്യലേലം ചെയ്താലും ജയിൽവാസം ഉൾപ്പെടെയുള്ള ശിക്ഷയ്ക്ക് വിധേയമാക്കുമെന്ന വ്യവസ്ഥ ഒഴിവാക്കപ്പെടേണ്ടതാണ്.

ശ്രീ. എ. എൻ. ഷംസീർ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. യു. ജനീഷ് കുമാർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല

(ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മത്സ്യമേഖല നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കാൻ പ്രൊഫഷണലുകളെ വാർത്തെടുക്കേണ്ടതുണ്ടെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലും ഇതര ഫിഷറീസ് സർവ്വകലാശാലകളിൽ ഉപരിപഠനത്തിനും ഗവേഷണം നടത്തുന്നതിനുമുള്ള അവസരം കുട്ടികൾക്ക് നിഷേധിക്കപ്പെടുന്ന സാഹചര്യത്തിലുമാണ് ഫിഷറീസ് സർവ്വകലാശാലയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്താൻ സർക്കാർ തീരുമാനിച്ചത്. സർവ്വകലാശാലയിൽ ഭരണപരവും സാമ്പത്തികവും അക്കാദമികവുമായ മാറ്റങ്ങൾ കൊണ്ടുവരുന്നതും സർവ്വകലാശാലയുടെ കൂടുതൽ സെന്ററുകൾ ആരംഭിക്കുന്നതും ലക്ഷ്യംവച്ചുള്ള നിയമ ഭേദഗതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന പദ്ധതികളുടെ ധനസഹായം വർദ്ധിപ്പിക്കാനും ക്ഷേമ പദ്ധതികൾ നടപ്പാക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്.

ശ്രീ. പി. അബ്ദുൽ ഹമീദ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എൻ. ഷംസുദ്ദീൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല ഭേദഗതി (ബിൽ)

വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പിന്നാക്കം നിൽക്കുന്ന ജനവിഭാഗത്തെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടി പഠനത്തിനും ഗവേഷണത്തിനുമായി മികവിന്റെ കേന്ദ്രം വേണമെന്നുള്ള ലക്ഷ്യം നിറവേറ്റാനാണ് ഫിഷറീസ് യൂണിവേഴ്സിറ്റി സ്ഥാപിതമായത്. വൈദഗ്ദ്ധ്യമുള്ള പ്രൊഫഷണലുകൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുമെന്ന വാഗ്ദാനം പാലിക്കാനോ യൂണിവേഴ്സിറ്റിയുടെ വിപുലമായ സ്ഥാപിതലക്ഷ്യം നിറവേറ്റുന്നതിനുള്ള ക്രിയാത്മക പ്രവർത്തനങ്ങൾ നടത്താനോ സർക്കാരിന് സാധിക്കുന്നില്ല. സ്വജനപക്ഷപാതം ഈ യൂണിവേഴ്സിറ്റിയുടെ മുഖമുദ്രയായി മാറിയിരിക്കുകയാണ്. ആഭ്യന്തര ഉത്പാദന മേഖലയിലും വിദേശനാണ്യം നേടിത്തരുന്നതിലും പ്രധാന പങ്ക് വഹിക്കുന്ന സമുദ്രമേഖലയിൽ കാലാനുസൃതമായ പരിഷ്കാരങ്ങൾ നടപ്പാക്കണം. പരിസ്ഥിതിക്കനുസൃതമായി സമുദ്രവിഭവങ്ങളെ പ്രയോജനപ്പെടുത്താനാകുന്ന പ്രവർത്തനങ്ങൾ നടത്താൻ സർവ്വകലാശാലയ്ക്ക് സാധിക്കണം. യു.ജി.സി അംഗീകരിച്ച ഫിഷറീസ് കോഴ്സുകളെ ആക്ടിൽ ഉൾപ്പെടുത്തണം. സിലബസുകൾ വർഷംതോറും പരിഷ്കരിക്കുകയും വിദ്യാർത്ഥികൾക്ക് വിദഗ്ദ്ധരായ അദ്ധ്യാപകരുമായി സംവദിക്കാനുള്ള അവസരമൊരുക്കുകയും വേണം. സർവ്വകലാശാല

ഓംബുഡ്സ്മാനെ നിയമിക്കുമെന്ന തീരുമാനത്തെ സ്വാഗതം ചെയ്യുന്നു. വൈസ് ചാൻസലറെ നിയമിക്കുന്നതിലുള്ള ആശയക്കുഴപ്പം പരിഹരിക്കണം.

ശ്രീ. വാഴൂർ സോമൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. വി. ശശി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മത്സ്യബന്ധന നൗകകൾ വ്യവസ്ഥകൾ ലംഘിച്ചാൽ പിഴ ചുമത്തുന്നതിനുള്ള ഭേദഗതിയാണ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ ഡ്രഡ്ജിംഗ് പൂർത്തിയാക്കുന്നതിനും പാരിസ്ഥിതികാഘാത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാൻഡ് ബൈപ്പാസിനുള്ള പ്രോജക്ട് തയ്യാറാക്കി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം. താഴമ്പിള്ളി തീരം സംരക്ഷിക്കുന്നതിനായി പുലിമുട്ടുകൾ സ്ഥാപിക്കുകയും കിഫ്ബിയിൽ ഈ തീരദേശ പ്രദേശത്തെ ഉൾപ്പെടുത്തുകയും വേണം. താഴമ്പിള്ളിയിലും പെരുമാതുറയിലും ലേല ഹാൾ ഉൾപ്പെടെ മത്സ്യത്തൊഴിലാളികൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. ഉബൈദുള്ള</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സുനാമി കോളനികളിലെ വീടുകളുടെ നവീകരണത്തിന് ഫണ്ട് അനുവദിക്കാനും ഓഖി കൊടുങ്കാറ്റിൽ വീടും വള്ളവും വലയും നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകാനും നടപടി സ്വീകരിക്കണം. പെട്രോൾ, ഡീസൽ, മണ്ണെണ്ണ വിലവർദ്ധനയും കാലാവസ്ഥാ വ്യതിയാനവുംമൂലം പ്രയാസമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകുന്നതോടൊപ്പം പാർപ്പിടപ്രശ്നവും പരിഹരിക്കപ്പെടണം. കടൽക്ഷോഭത്തിൽ വീടുനഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കാനും കേടുപാട് സംഭവിച്ച വള്ളങ്ങൾക്ക് നഷ്ടപരിഹാരം നൽകാനും മലപ്പുറത്ത് ഫിഷറീസ് സ്റ്റേഷനും മറൈൻ എൻഫോഴ്സ്മെന്റ് വിംഗും കോസ്റ്റ് ഗാർഡ് സ്റ്റേഷനും സ്ഥാപിക്കാനും പൊന്നാനി ഫിഷറീസ് സ്റ്റേഷനാവശ്യമായ ജീവനക്കാരെ നിയമിക്കാനും നടപടി സ്വീകരിക്കണം. താനൂരിലെ പട്രോൾ ബോട്ട് പ്രവർത്തനസജ്ജമാക്കാനും കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്താനും സമഗ്ര പദ്ധതി ആവിഷ്കരിക്കണം.

ശ്രീ. റോജി എം. ജോൺ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഐ.സി.എ.ആർ. മോഡൽ കുഫോസിൽ ബാധകമാക്കിയത് സംബന്ധിച്ച് വ്യക്തമാക്കണം. കുഫോസിൽ പ്രോ-ചാൻസലർ, പ്രോ-വൈസ് ചാൻസലർ തസ്തികകൾ നിലനിർത്താനും അക്കാഡമിക് ഗവേണിംഗ് കമ്മിറ്റികളിൽ കഴിവുറ്റ ഉദ്യോഗസ്ഥരെ നിയമിക്കാനും നടപടി സ്വീകരിക്കണം. അക്കാദമിക് കൗൺസിലിൽ ഫിഷറീസ് ഫാക്കൽറ്റി നിയമനങ്ങൾക്കുള്ള യോഗ്യത പുനഃപരിശോധിക്കണം. നാല് മീറ്ററിൽ കൂടുതൽ വായ്‌വട്ടമുള്ള കുറ്റിവല അഥവാ ഊന്നിവല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തണമെന്നും പാലത്തിന്റെ ഇരുവശങ്ങളിലുമായി അമ്പത് മീറ്റർ മത്സ്യബന്ധനം പാടില്ലെന്നുമുള്ള വ്യവസ്ഥയിൽ മാറ്റം വരുത്തണം. മത്സ്യബന്ധനം നടത്താവുന്ന ഭാഗം പൊതുജലാശയത്തിന്റെ വീതിയുടെ പത്ത് ശതമാനമാക്കി മാറ്റണം. ഉൾനാടൻ ജലാശയങ്ങളിൽ അക്വാകൾച്ചർ ലൈസൻസ് നൽകുന്നതിൽനിന്നും രാഷ്ട്രീയപ്രതിനിധികളെ ഒഴിവാക്കുകയും

അക്വാകൾച്ചർ വികസനം അതത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിരിക്കുമെന്ന വ്യവസ്ഥ ഭേദഗതി ചെയ്ത് സർക്കാരിൽ നിക്ഷിപ്തമാക്കുകയും വേണം.

ശ്രീമതി യു. പ്രതിഭ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ മത്സ്യോല്പാദനം നടത്തുന്ന സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനുള്ള ഫിഷറീസ് വകുപ്പിന്റെയും മന്ത്രിയുടെയും പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു. അനുയോജ്യമായ കാലാവസ്ഥയും ജലസമൃദ്ധിയുമുണ്ടെങ്കിലും ജലമലിനീകരണം, നിലവാരമുള്ള മത്സ്യവിത്തുകളുടെ അപര്യാപ്തത, വിപണിയിലെത്തിക്കാനുള്ള ബുദ്ധിമുട്ട് തുടങ്ങിയ കാരണങ്ങളാൽ ഉൾനാടൻ മത്സ്യോല്പാദനം ദേശീയ ശരാശരിയേക്കാൾ താഴെയാണ്. മലിനീകരണത്തിന് ശാസ്ത്രീയ പരിഹാരം കണ്ടെത്തുകയും ബോധവൽക്കരണം നടത്തുകയും മത്സ്യസമ്പത്തിന് ഭീഷണിയാകുന്ന നീർക്കാക്കയുടെ സാന്നിദ്ധ്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യണം. തണ്ണീർമുക്കം ഷട്ടറിന്റെ അശാസ്ത്രീയമായ അടച്ചുതുറപ്പ് കായലിൽ ഉപ്പുവെള്ളം കലരാനിടയാവുകയും ശുദ്ധജല

മത്സ്യങ്ങൾ നശിക്കുന്നതിന് കാരണമാവുകയും ചെയ്യുന്നു. കൃത്യമായ കാർഷിക കലണ്ടർ തയ്യാറാക്കുകയും മൺസൂൺ സീസണുകളിൽ കായലുകളിലെയും ഉൾത്തോടുകളിലെയും മത്സ്യബന്ധനത്തിന് നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യണം. പാടശേഖരങ്ങളിൽനിന്ന് മത്സ്യം പിടിക്കുന്നതിനുള്ള അവകാശം പാടശേഖര സമിതിക്ക് നൽകുകയും വേണം. ഹാച്ചറികളും നഴ്സറികളും മത്സ്യഫാമുകളും ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുകയും ജലാശയങ്ങളോട് ചേർന്ന് കേജ് കൾട്ടിവേഷൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. സ്വകാര്യ പങ്കാളിത്തത്തോടെ ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ച് നാടൻ മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് കായലുകളിൽ നിക്ഷേപിക്കുന്നതിനും മത്സ്യോല്പാദനവും വരുമാനവും വർദ്ധിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങൾ നടത്തുകയും ചെയ്യണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): ക്രിയാത്മകമായ നിർദ്ദേശങ്ങളാണ് ചർച്ചയിൽ ഉയർന്നുവന്നത്. കേരളത്തിന്റെ മത്സ്യമേഖലയിൽ സമൂലമായ പരിവർത്തനം കൊണ്ടുവരാനാണുദ്ദേശിക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. സമുദ്ര-ഉൾനാടൻ ജലാശയങ്ങളിലെ അനന്തമായ

സാദ്ധ്യതകളെ പ്രയോജനപ്പെടുത്തുക വഴി മത്സ്യവ്യവസായത്തിലൂടെ വൻസാമ്പത്തിക നേട്ടമുണ്ടാക്കുകയെന്നതാണ് ബില്ലിലൂടെ ലക്ഷ്യമാക്കുന്നത്. നിയമത്തിന്റെ പശ്ചാത്തലത്തിൽ നിലവിലുള്ള ഹാർബറുകളെയും ഫിഷ് ലാൻഡിംഗ് സെന്ററുകളെയും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തും. ഹാർബർ മാനേജിംഗ് കമ്മിറ്റി മുഖാന്തരം ലേലക്കിഴിവ് സമ്പ്രദായം നടപ്പിലാക്കുന്നതുവഴിയും മത്സ്യഫെഡിന് കീഴിലുള്ള സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തിയും ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനാണ് ബിൽ വിഭാവന ചെയ്യുന്നത്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ സഹായത്തോടെ മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള ഇടപെടലുകളുണ്ടാകും. ഹാർബർ, ഫിഷ് ലാൻഡിംഗ് സെന്റർ, മത്സ്യമാർക്കറ്റ് തുടങ്ങി മത്സ്യവിപണനം നടത്തുന്നതോ കൈമാറ്റം ചെയ്യുന്നതോ ആയ മുഴുവൻ സ്ഥലങ്ങളിലെയും ഗുണനിലവാരം ഉറപ്പാക്കി കരയ്ക്കെത്തിക്കുന്ന മത്സ്യം കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യമൊരുക്കുന്നതാണ്. മത്സ്യസമ്പത്തിന് ശോഷണമുണ്ടാക്കുന്ന ചെറുമത്സ്യങ്ങളെ പിടിക്കുന്ന പ്രവൃത്തികൾ തടയുന്നതിനും മത്സ്യലേലം, വിപണനം, ഗുണനിലവാര പരിപാലനം എന്നിവ നിയമാനുസൃതമാണെന്ന് ഉറപ്പുവരുത്തുന്നതിനും നടപടിയുണ്ടാകും. ഉൾനാടൻ മത്സ്യ

സംരക്ഷണത്തിനായി വ്യവസ്ഥ ചെയ്തിട്ടുള്ള നിയന്ത്രണങ്ങൾ നടപ്പിലാക്കുന്നതിനായി ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കും. മുഴവൻ ജലാശയങ്ങളിലും മത്സ്യക്കൃഷി നടത്തുന്നതിന് നടപടി സ്വീകരിക്കും.

സമുദ്രഗവേഷണ ശാസ്ത്രപഠനത്തിലൂടെ വിദ്യാർത്ഥികൾക്ക് പ്രാവീണ്യം നേടുന്നതിനും തൊഴിലവസരം ഉറപ്പാക്കുന്നതിനുമായുള്ള ഫിഷറീസ് സർവ്വകലാശാലയെ ഐ.സി.എ.ആർ.-ന്റെ അംഗീകാരം ലഭ്യമാക്കി അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിക്കും. 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ പ്രകാരം കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് ഐഡന്റിഫിക്കേഷൻ അനിവാര്യമാണ്. മത്സ്യത്തൊഴിലാളികൾ പിടിക്കുന്ന മത്സ്യം നേരിട്ട് വിപണനം നടത്തുന്നതിനുള്ള അനുമതിയാണ് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത്. ലേലത്തിൽ പങ്കാളികളാകുന്ന മത്സ്യത്തൊഴിലാളികൾക്കും സംഘങ്ങൾക്കും വാർഷിക ഉൽപ്പാദന ബോണസായി 20 ശതമാനം തുക തിരികെ നൽകുന്ന നിർദ്ദേശം ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ ഹാർബറിലും അടിസ്ഥാനവില നിശ്ചയിക്കുന്നതിന് ഹാർബർ മാനേജ്മെന്റ് സൊസൈറ്റിക്ക് അധികാരം

ഉണ്ടായിരിക്കുന്നതാണ്. മത്സ്യത്തൊഴിലാളികൾക്ക് താൽപ്പര്യമുള്ള പക്ഷം അവർ അംഗങ്ങളായ സംഘങ്ങൾ മുഖേന മത്സ്യത്തിന് അടിസ്ഥാന വില നൽകി സംഭരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഹാർബർ മാനേജ്മെന്റ് കമ്മിറ്റികളിൽ ആ പ്രദേശത്തെ എം.എൽ.എ.-മാർ അംഗങ്ങളായിരിക്കും. മത്സ്യകയറ്റുമതിക്കാവശ്യമായ സാക്ഷ്യപത്രം നേടാൻ യാനം ഉടമയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

2021-ലെ കേരള ഫിഷറീസും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ സംബന്ധിച്ച്, ഗവേണിംഗ് കൗൺസിലിൽ വനിതകളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ലൈഫ് പദ്ധതിപ്രകാരം വീട് നിർമ്മാണത്തിനുള്ള തുക 4 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും പുനർഗേഹം പദ്ധതിപ്രകാരം 301 ഫ്ലാറ്റുകളും 600 വീടുകളും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളി/അനുബന്ധ തൊഴിലാളികളുടെ ഇൻഷ്വറൻസ് പരിരക്ഷ 10 ലക്ഷം രൂപയായും സമ്പാദ്യ സമാശ്വാസ പദ്ധതി 4500 രൂപയായും വർദ്ധിപ്പിക്കുകയും കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് 10 ലക്ഷം രൂപ അനുവദിച്ച് പുനരധിവാസ പദ്ധതി ആവിഷ്കരിക്കുകയും ചെയ്തു. തീരദേശത്ത് 'അക്ഷര സാഗരം' പദ്ധതി നടപ്പാക്കുകയും യാനങ്ങൾക്ക്

ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുകയും 40,000 മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റ് സൗജന്യമായി നൽകുകയും ഓര് ജലാശയങ്ങളിൽ 'കൂട്' കൃഷി നടപ്പാക്കുകയും തീരനൈപുണ്യ പദ്ധതിയിലൂടെ 1254 മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം/തൊഴിൽ നൽകുകയും തീരദേശ മത്സ്യത്തൊഴിലാളി വനിതകൾക്കായി നിരവധി പദ്ധതികൾ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

ഓഖിയിൽ മരണപ്പെട്ടവർക്കും കാണാതായവർക്കും യഥാസമയം സഹായം അനുവദിക്കുകയും 49 മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികൾക്ക് സൗജന്യ ഉന്നത വിദ്യാഭ്യാസം നൽകുകയും ചെയ്തിട്ടുണ്ട്. 18 മുതൽ 70 വയസ്സുവരെയുള്ള മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളികളെ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാകുന്നതിന് വിമുഖത കാണിക്കുന്നവരെ കണ്ടെത്തുന്നതിന് സർവ്വേ ആരംഭിക്കുന്നതാണ്. മത്സ്യസമ്പത്തിന്റെ കുറവ് പരിഹരിക്കുകയും അടുക്കള കുളങ്ങൾ സൃഷ്ടിച്ച് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതാണ്. കടലിൽ വച്ച് ഏത് സാഹചര്യത്തിൽ മരണപ്പെട്ടാലും അവർക്ക് ഇൻഷ്വറൻസ് ലഭ്യമാകുന്ന രീതിയിൽ നിലവിലുള്ള വ്യവസ്ഥ മോഡിഫൈ

ചെയ്യുന്നതാണ്. മത്സ്യത്തൊഴിലാളികൾക്ക് 25 രൂപയ്ക്ക് മണ്ണെണ്ണ നൽകുന്നതാണ്. പ്രളയക്കെടുതിയിൽ കേടുപാട് സംഭവിച്ച യാനങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാല അനദ്ധ്യാപക തസ്തികയിലെ നിയമനങ്ങൾ സ്പെഷ്യൽ റൂൾസ് പ്രകാരം പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ട്. ഫിഷറീസിൽ പ്രൊഫഷണൽ ബിരുദാനന്തര ബിരുദം നേടിയവർക്കുമാത്രമേ അദ്ധ്യാപക തസ്തികയിൽ നിയമനം ലഭ്യമാക്കുകയുള്ളൂ.പുതിയ 4 ഫിഷറീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതും സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതുമാണ്. മത്സ്യഭവനുകൾ ശാക്തീകരിക്കുകയും പുതിയവ ആരംഭിക്കുകയും ചെയ്യും. കാലപ്പഴക്കം ചെന്ന സുരക്ഷാ ഉപകരണങ്ങൾ മാറ്റി നൽകുന്നതിനും നൂതന സാങ്കേതിക വിദ്യകൾ ആവിഷ്കരിക്കുന്നതിനും ബോധവൽക്കരണം നടത്തുന്നതിനും നടപടി സ്വീകരിക്കും. മത്സ്യമേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് 5 കോടി 85 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് മാതൃകയിൽ മത്സ്യകൃഷി വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതാണ്. മാർക്കറ്റിംഗ് രംഗത്തെ സാദ്ധ്യതകൾ വിപുലീകരിക്കുന്നതോടൊപ്പം 38 മാർക്കറ്റുകളുടെ

നവീകരണം പൂർത്തിയാക്കുകയും 51 എണ്ണം പുതിയതായി ആരംഭിക്കുന്നതിന് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. മാർക്കറ്റുകളുടെ ശുചിത്വം ഉറപ്പാക്കും. സീ ആംബുലൻസ് പദ്ധതി നടപ്പാക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്. 14-ാം പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി മത്സ്യമേഖലയുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. കടൽക്ഷോഭംമൂലം ക്യാമ്പുകളിൽ താമസിപ്പിച്ചിട്ടുള്ളവരെ മാറ്റി പാർപ്പിക്കുന്നതിന് നടപടി സ്വീകരിക്കും.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബില്ലും 2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബില്ലും 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബില്ലും 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

(i) 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ

രണ്ടാം വകുപ്പ്

201, 203, 209, 210, 219, 221, 222, 223, 224, 227, 229, 230, 231, 234, 235, 236, 237, 238, 240, 241, 242, 243, 246, 252, 254, 255, 256, 262, 263, 264, 265, 268, 269, 270, 271, 272, 273, 276, 279, 281, 284, 285, 286, 288, 291, 292, 293, 294, 295, 298, 296, 301, 302, 304, 308, 310, 313, 317, 319, 320, 322, 325 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

274. ഖണ്ഡം 2(എൽ)-ൽ "പരമ്പരാഗതമായി" എന്നത് ഒഴിവാക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി

മൂന്നാം വകുപ്പ്

328, 329, 331, 332, 334, 336, 337, 338, 340, 342, 341 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി

നാലാം വകുപ്പ്

343, 344, 345, 346, 348, 349, 351, 352, 354, 355, 356, 358, 359, 360, 361, 366, 367, 369, 372, 373, 374, 377, 378, 380, 383, 384, 385, 386, 387, 388, 389, 390, 391, 396, 400, 401, 403, 404, 405, 406, 407 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി

<u>അഞ്ചാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

957. ഖണ്ഡം 5(5)-ൽ" ഫിഷ് ലാന്റിംഗ് സെന്റർ"എന്ന വാക്കുകൾക്ക് പകരം "ഫിഷ് ലാന്റിംഗ് സെന്ററിന്റെ" എന്ന വാക്കുകൾ ചേർക്കുക.

408, 409, 414, 415, 416, 417, 421, 422, 426, 427, 429, 430, 435, 436, 438, 439, 440, 444, 446, 447, 448, 450, 451, 453, 458 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ്</u>

459, 460, 461, 462, 467, 468, 469, 471, 473 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏഴാം വകുപ്പ്

474, 476, 477, 478, 479, 480, 481, 482, 483, 484, 487, 493, 494, 496, 497, 498, 501, 508, 510, 513, 516, 517, 523 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ടാം വകുപ്പ്

525, 526, 529, 531, 532, 533, 534, 536, 537, 538, 539, 542, 544, 554, 555 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒൻപതാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

958. ഖണ്ഡം 9(3)-ൽ "(i) മുതൽ (iv) വരെയും (vi) മുതൽ (viii)" എന്നീ വാക്കുകൾക്കും അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും ബ്രായ്ക്കറ്റുകൾക്കും പകരം "(i) മുതൽ (v) വരെയും (vii) മുതൽ (ix)" എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ബ്രായ്ക്കറ്റുകളും ചേർക്കുകയും "പ്രസ്തുത ജില്ലയിൽ" എന്നീ വാക്കുകൾ ഒഴിവാക്കുകയും ചെയ്യുക.

(ii) ഖണ്ഡം 9(4)-ൽ "(ix)-ാം " എന്നീ അക്കങ്ങൾക്കും ചിഹ്നത്തിനും ബ്രായ്ക്കറ്റുകൾക്കും അടയാളത്തിനും പകരം " ( x)-ാം " എന്നീ അക്കവും ചിഹ്നങ്ങളും ബ്രാക്കറ്റുകളും അടയാളവും ചേർക്കുക.

(iii) ഖണ്ഡം 9(5)-ൽ "(v)-ാം " എന്ന അക്കത്തിനും ചിഹ്നത്തിനും ബ്രായ്ക്കറ്റിനും അടയാളത്തിനും പകരം "(vi)-ാം " എന്ന അക്കവും ചിഹ്നവും ബ്രായ്ക്കറ്റും അടയാളവും "(x), (xi)" എന്നീ അക്കങ്ങൾക്കും ചിഹ്നത്തിനും ബ്രായ്ക്കറ്റുകൾക്കും പകരം "(xi), (xii)" എന്നീ അക്കങ്ങളും ചിഹ്നവും ബ്രായ്ക്കറ്റുകളും ചേർക്കുക.

(iv) ഖണ്ഡം 9(6)-ൽ "(x), (xi)" എന്നീ അക്കങ്ങൾക്കും ചിഹ്നത്തിനും ബ്രായ്ക്കറ്റുകൾക്കും പകരം "(xi), (xii)" എന്നീ അക്കങ്ങളും ചിഹ്നവും ബ്രായ്ക്കറ്റുകളും ചേർക്കുക.

557, 558, 559, 563, 564, 565, 566, 568, 569, 570, 571, 572, 573, 574, 575, 577, 579, 583, 589, 598, 602, 604, 605, 611, 616 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്താം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

959. ഖണ്ഡം 10 (vii)-ൽ "(5)-ാം ഉപവകുപ്പ് പ്രകാരം നിശ്ചയിക്കുന്ന അനുപാതത്തിൽ" എന്നീ അക്കത്തിനും വാക്കുകൾക്കും അടയാളത്തിനും ബ്രായ്ക്കറ്റുകൾക്കും പകരം "(5)-ാം ഉപവകുപ്പിൽ നിശ്ചയിക്കുന്ന പ്രകാരം" എന്നീ അക്കവും വാക്കുകളും അടയാളവും ബ്രായ്ക്കറ്റുകളും ചിഹ്നവും ചേർക്കുക.

619, 620, 621, 622, 623, 624, 625, 627, 628, 630, 631, 632, 633, 635, 636, 638, 639, 640, 642, 644, 645 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനൊന്നാം വകുപ്പ്

